# ആമുഖം

സ്ത്രീസമത്വത്തേയും അവകാശങ്ങളേയും കുറിച്ച് പഠനങ്ങളും വാദഗതികളും സജീവമാണെങ്കിലും ചരിത്രത്തിന്റേയും സംസ്ക്കാരത്തിന്റേയും പുറംതിണ്ണകളിലാണ് ഇന്നും സ്ത്രീയുടെ സ്ഥാനം. പുരുഷഭാഗധേയത്തിന്റെ സായൂജ്യത്തിനായുള്ള ഉപാധിയോ ഉപകരണമോ ആയിട്ടല്ലാതെ സ്ത്രൈണസത്തയെ അംഗീകരിക്കാനുള്ള വിമുഖത,പുരുഷകേന്ദ്രീകൃതമായ എല്ലാ പ്രത്യയശാസ്ത്രങ്ങളുടേയും പൊതുസ്വഭാവമാണ്. ശാരീരികവും, മാനസികവും, സാമ്പത്തികവും, സാമൂഹികവുമായ ചൂഷണങ്ങളേയും അടിച്ചമർത്തലുകളേയും നേരിട്ടാൽ മാത്രമേ സ്ത്രീ സ്വാതന്ത്ര്യം സാക്ഷാത്ക്കരിക്കപ്പെടുകയുള്ളു.

സ്ത്രീസ്വാതന്ത്ര്യത്തിന്റെ ഏറ്റവും ഉയർന്ന ആവിഷ്ക്കാരരൂപമാണ് സർഗ്ഗപ്രക്രിയ.ആത്മപ്രകാശനത്തിന്റെ അടങ്ങാത്ത ആവേശവുമായി എഴുത്തിന്റെ വഴിയിൽ എത്തിപ്പെടുന്ന സ്ത്രീകളിലധികംപേരും പുരുഷനിർമ്മിതമായ ഭാഷയുടേയും ഭാവുകത്വത്തിന്റേയും അതിർവരമ്പുകളിൽ തളച്ചിടപ്പെട്ടു. അങ്ങനെ സമസ്തമേഖലയിലും പാരതന്ത്ര്യം അനുഭവിക്കേണ്ടിവന്ന സ്ത്രീ തന്റെ ഉയർത്തെഴുന്നേൽപ്പിനായി ശ്രമിച്ചു.ഇതാണ് സ്ത്രീവാദത്തിന്റേയും സ്ത്രീവാദ സാഹിത്യത്തിന്റേയും ഉത്ഭവത്തിനിടയായ സാഹചര്യം.

ഫെമിനിസവും പെണ്ണെഴുത്തുമൊക്കെ സാമൂഹ്യരംഗത്തും സാഹിത്യരംഗത്തുമൊക്കെ ശക്തമായ സാന്നിധ്യമായി നിലകൊണ്ടു. ജീവിതത്തിന്റെ സമസ്തമേഖലകളിലും ഒരു തച്ചുടയ്ക്കലിന് ഫെമിനിസം കാരണമായിത്തീർന്നു.അതിന്റെ പിൻബലത്തോടെയാണ് ഫെമിനിസ്റ്റ് സാഹിത്യവും പെണ്ണെഴുത്തുമൊക്കെ കടന്നുവന്നത്.പെണ്ണെഴുത്തിനെക്കുറിച്ച് സാഹിത്യകാരികൾക്കിടയിൽത്തന്നെ അഭിപ്രായവ്യത്യാസം നിലനിൽക്കുന്നു.പെണ്ണെഴുതുന്നതു മാത്രമാണ് പെണ്ണെഴുത്തെന്നും അല്ല, പെണ്ണെഴുതുന്നതും, പെണ്ണിനെക്കുറിച്ചെഴുതുന്നതുമൊക്കെ പെണ്ണെഴുത്താണ് എന്നുമുള്ള വാദഗതികൾ നിലനിൽക്കുന്നു. പെണ്ണെഴുത്തിന്റെ രീതികളെ നിർവ്വചിക്കുക അസാദ്ധ്യമാണ്.ഈ അസാദ്ധ്യത നിലനിൽക്കുകയും ചെയ്യും. എന്തുകൊണ്ടെന്നാൽ,അതൊരിക്കലും സിദ്ധാന്തവൽക്കരിക്കപ്പെടാനോ മൂടിവയ്ക്കപ്പെ

ടാനോ രേഖപ്പെടുത്തപ്പെടാനോ പോകുന്നില്ല. പക്ഷേ അതുകൊണ്ട് അതു നിലനിൽക്കുന്നില്ല എന്നർത്ഥമില്ല.

സ്ത്രീസ്വത്വാവിഷ്ക്കാരം സാധ്യമാകുന്നതിന് സാഹിത്യകൃതികൾ വഹിച്ച പങ്ക് ചെറുതല്ല. എങ്കിലും സ്ത്രീസ്വത്വം അതിന്റെ പൂർണതയിൽ പ്രകടമാക്കപ്പെട്ടത് കഥാസാഹിത്യത്തിലൂടെയാണ് എന്നു പറയാം. അതു കൊണ്ടു തന്നെയാണ് സ്ത്രീപ്രശ്നങ്ങൾ അവതരിപ്പിക്കുവാനും,സ്ത്രീജന്മ ത്തിന്റെ വിലക്കുകളും പരിമിതികളും അറിഞ്ഞനുഭവിച്ച്, പുരുഷമേധാവിത്വ പരമായ മൂല്യവ്യവസ്ഥകളോട് സംഘർഷപ്പെട്ട്, ലോകത്തെ മാറ്റിത്തീർ ക്കാനും സ്വയംമാറാനും തീവ്രമായി ആഗ്രഹിച്ച്, പരിദേവനങ്ങളും നിസ്സഹാ യതകളും ഉള്ളിലൊതുക്കി, അസ്തിത്വ സാക്ഷാത്ക്കാരത്തിന്റെ ഓരോ ചുവ ടിലും ദത്തശ്രദ്ധരായി, കാലത്തിന്റെ കുടിലതകളെ പ്രതിരോധിച്ച് ഒരു കൂട്ടം കഥാകാരികൾ കഥാരംഗത്തേക്ക് കടന്നുവന്നത്.തന്മൂലം പെണ്ണിന്റെ കരു ത്തും പ്രതിഷേധവും ഏറ്റവും തീവ്രമായി പ്രകടിപ്പിക്കപ്പെട്ട ചെറുകഥാസാ ഹിത്യത്തെക്കുറിച്ചും, അഷിത, ചന്ദ്രമതി, മാനസി എന്നീ കഥാകാരികളുടെ കഥകളിൽ സ്ത്രീസ്വത്വം എപ്രകാരമാണ് പ്രകാശിതമാകുന്നത് എന്നതിനെ ക്കുറിച്ചും കണ്ടെത്താൻ ശ്രമിക്കുകയാണ് ഈ പഠനത്തിലൂടെ. സ്ത്രീത്വ ത്തെ അറിയാനും അന്വേഷിക്കാനും ശ്രമിക്കുന്ന സിദ്ധാന്തം എന്ന നില യിൽ ഫെമിനിസത്തിന്റെ ആശയങ്ങളെ ആധാരമാക്കിക്കൊണ്ട് അഷിത, ചന്ദ്രമതി, മാനസി എന്നീ കഥാകാരികളുടെ കഥകളെ പഠിക്കാൻ ശ്രമിക്കു ന്നു.

സ്ത്രീകൾക്കു നേരേയുള്ള അതിക്രമങ്ങൾ വർദ്ധിച്ചു വരുന്ന ഈ കാല ഘട്ടത്തിൽ സ്ത്രീപ്രശ്നങ്ങൾക്കുനേരേ പ്രതികരിക്കാൻ ശ്രമിച്ച കഥാകാരി കളെക്കുറിച്ചും അവരുടെ ഇടയിൽ ഈ മൂന്നു കഥാകാരികളുടെ സ്ഥാനമെ ന്തെന്നും, സ്വത്വാവിഷ്ക്കാരം അവരുടെ കഥകളിൽ എപ്രകാരം സാധ്യമാ കുന്നു എന്നതിനെക്കുറിച്ചുമുള്ള പഠനം പ്രസക്തമാണ്.

അഞ്ച് അദ്ധ്യായങ്ങളായി തരംതിരിച്ചിരിക്കുന്ന ഈ പഠനത്തിൽ അഷിത, ചന്ദ്രമതി, മാനസി എന്നീ കഥാകാരികളുടെ ഏറ്റവും ശ്രദ്ധേയമായ കഥകൾ മാത്രമാണ് തിരഞ്ഞെടുത്തിരിക്കുന്നത്. സ്ത്രീസാഹിത്യം ശക്തമാ യരീതിയിൽ സമൂഹമധ്യത്തിലേക്ക് കടന്നുവന്നത് ഫെമിനിസ്റ്റ് സിദ്ധാന്തങ്ങ

ളുടെ കടന്നുവരവോടെയാണ്.അതുകൊണ്ടുതന്നെ ഫെമിനിസത്തെക്കുറിച്ചും, അതിന്റെ ധാരകളെക്കുറിച്ചും, വിമോചനത്തെക്കുറിച്ചും, വുമണിസത്തെക്കുറിച്ചുമൊക്കെ ഈ അദ്ധ്യായത്തിൽ വ്യക്തമാക്കുന്നു.സ്ത്രീവാദസാഹിത്യത്തെക്കുറിച്ചും അതിൽ സ്വത്വപ്രകാശനം സാധ്യമാക്കുന്നതിനെക്കുറിച്ചും, സ്വത്വത്തെക്കുറിച്ചും അന്യത്തെക്കുറിച്ചുമൊക്കെ സാമാന്യമായരീതിയിൽ അവലോകനം ചെയ്യുന്നു.

പഠനവിധേയമായ കഥാകാരികളുടെ ചെറുകഥയെക്കുറിച്ചുള്ള പഠനമായതിനാൽ രണ്ടാമത്തെ അദ്ധ്യായത്തിൽ ചെറുകഥയുടെ ചരിത്രത്തെക്കുറിച്ച് ചുരുക്കി പ്രതിപാദിക്കുന്നു. ചെറുകഥയുടെ സവിശേഷതകൾ, ചെറുകഥയുടെ ചരിത്രം, ചെറുകഥ ഭാരതത്തിലും കേരളത്തിലും വളർന്നുവന്നതെങ്ങനെയെന്നും ചെറിയൊരു വിവരണം ഈ അദ്ധ്യായത്തിൽ നൽകുന്നു. അതോടൊപ്പം പ്രമുഖരായ എഴുത്തുകാരെക്കുറിച്ചും അവരുടെ കൃതികളെക്കുറിച്ചും വ്യക്തമാക്കുന്നു.

മൂന്നാമദ്ധ്യായത്തിൽ മലയാളത്തിലെ സ്ത്രീകഥാപാരമ്പര്യത്തെക്കുറിച്ചും, ആദ്യത്തെ കഥാകാരികളെക്കുറിച്ചും പിന്നീട് തന്റെ കഥകളിലൂടെ പെൺകരുത്ത് തെളിയിച്ച സരസ്വതിയമ്മ മുതൽ ഈ കാലഘട്ടത്തിലെ പ്രമുഖരായ കഥാകാരികളെക്കുറിച്ചും വരെ ചുരുക്കി പ്രതിപാദിക്കുന്നു.

നാലാമദ്ധ്യായമാണ് ഈ പഠനത്തിന്റെ കേന്ദ്രബിന്ദു.ഈ പഠനത്തിന് വിധേയമാക്കിയ അഷിത, ചന്ദ്രമതി, മാനസി എന്നീ കഥാകാരികളെക്കുറിച്ച് പഠിക്കുന്നത് ഈ അദ്ധ്യായത്തിലാണ്. മാതൃത്വവും, ദാമ്പത്യവും, സ്നേഹവുമൊക്കെ ഇവരുടെ കഥകളിൽ എപ്രകാരമാണ് ആവിഷ്കൃതമാകുന്നതെന്നും സ്വത്വാവിഷ്ക്കാരം എങ്ങനെയാണ് ഇവരുടെ കഥകളിൽ സാധ്യമാകുന്നതെന്നും ഈ അദ്ധ്യായത്തിൽ വ്യക്തമാക്കുന്നു.

ഈ മൂന്നു കഥാകാരികളുടെയും കഥകളുടെ സമാനതകളും വ്യത്യസ്തതകളും വിലയിരുത്തുകയാണ് അഞ്ചാമദ്ധ്യായത്തിൽ.സ്ത്രീത്വത്തിന്റെ വിവിധ ഭാവങ്ങൾ വിഹാരരംഗങ്ങൾ എന്നിവയെല്ലാം ഈ അദ്ധ്യായത്തിലൂടെ വിലയിരുത്താൻ ശ്രമിക്കുന്നു. കാലഘട്ടത്തിന്റെ സമാനതകളുണ്ടെങ്കിലും സമീപനങ്ങളിലെ വ്യത്യസ്തതകളും ആഖ്യാനരീതിയുടെ സവിശേഷതകളുമൊക്കെ ഈ അദ്ധ്യായത്തിൽ വിലയിരുത്തപ്പെടുന്നു. പിന്നീട് ഉപ

സംഹാരമാണ്, ഈ പ്രബന്ധത്തിലെ നിഗമനങ്ങളും കണ്ടെത്തലുകളും ഇതിൽ ക്രോഡീകരിക്കുന്നു.

സമൂഹത്തിന്റെ പ്രതിഫലനമാണ് സാഹിത്യത്തിലൂടെ ദർശിക്കാനാവുന്നത്. നമ്മുടെ സ്ത്രീയവസ്ഥയുടെ പ്രതിഫലനമാണ് എഴുത്തുകാരികളുടെ കഥകളിലൂടെ വെളിവാകുന്നത്.പാരമ്പര്യത്തിന് അടിപ്പെട്ടുകൊണ്ടെഴുതിയ ആദ്യകാല കഥാകാരികൾ മുതൽ പൊളിച്ചെഴുത്തിനു തയ്യാറാകുന്ന അത്യാധുനികരായ കഥാകാരികൾ വരെ ഇന്നു പഠനവിധേയരാകുന്നു.അവരുടെ കഥകളിലെ സ്ത്രൈണാനുഭവവും സ്വത്വബോധവുമൊക്കെ എപ്രകാരമാണ് വെളിവാകുന്നത് എന്ന ചിന്തയാണ് അല്ലെങ്കിൽ തിരിച്ചറിവാണ് ''സ്ത്രീസ്വത്വം- അഷിത, ചന്ദ്രമതി, മാനസി എന്നിവരുടെ കഥകളെ മുൻനിർത്തിയുള്ള പഠനം'' എന്ന പ്രബന്ധത്തിലേക്ക് വഴി തെളിച്ചത്.

പെണ്ണെഴുത്തിനെക്കുറിച്ചും മലയാളത്തിലെ പ്രമുഖകഥാകാരികളായ മാധവിക്കുട്ടി,സാറാജോസഫ്,ഗ്രേസി,സുഹറ, ചന്ദ്രമതി, അഷിത, പ്രിയ എ.എസ് എന്നിവരെക്കുറിച്ചുള്ള പഠനവും, അവരുമായുള്ള അഭിമുഖം വിവരിക്കുന്ന 'മലയാളത്തിന്റെ കഥാകാരികൾ'(2002)എന്ന ശ്രീദേവി കെ.നായരുടെ കൃതിയും, മലയാളത്തിലെ ആദ്യത്തെ സ്ത്രീവാദസാഹിത്യനിരൂപണഗ്രന്ഥമായ 'കണ്ണാടികൾ ഉടയ്ക്കുന്നതെന്തിന്'(1997) എന്ന ഗീതയുടെ കൃതിയും 'ദേവദൂതികൾ മാഞ്ഞുപോവത്'(1999)എന്ന കൃതിയും ഈ കഥാകാരികളുടെ ചില കഥകളെ വിലയിരുത്തുന്നുണ്ട്.'പെണ്ണെഴുത്ത്' (2002) (ഒരു സംഘം ലേഖകർ)എന്ന കൃതിയും ഡോ.എം ലീലാവതിയുടെ 'സ്ത്രീസ്വത്വാവിഷ്ക്കാരം ആധുനികമലയാള സാഹിത്യത്തിൽ' (2008) എന്ന കൃതിയുമൊക്കെ ഈ കഥാകാരികളുടെ കഥകളെ പഠനവിധേയമാക്കുന്നുണ്ടെങ്കിലും അഷിത,ചന്ദ്രമതി, മാനസി എന്നീ കഥാകാരികളുടെ പ്രധാന കഥകളെ മുഴുവൻ കേന്ദ്രീകരിച്ചുകൊണ്ടുള്ള പഠനങ്ങളല്ല ഇവയൊന്നും തന്നെ. സ്ത്രീസ്വത്വം- അഷിത, ചന്ദ്രമതി, മാനസി എന്നിവരുടെ കഥകളെ മുൻനിർത്തിയുള്ള ഈ പഠനം അതിനാൽ തന്നെ പ്രസക്തമാണ്.

**മേഴ്‌സി ഷെറിൻ പി.എ**